(സി) കൊല്ലം ജില്ലയിലെ മുഴുവൻ സെറികൾച്ചർ കർഷകർക്കും ഈ കോംപ്ലക്സിലൂടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൊല്ലം ജില്ലയിൽ നിലവിലുള്ള ഏരൂർ, പെരിനാട്, പരവൂർ എന്നീ സെറികൾച്ചർ ക്ലസ്റ്ററുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഏരൂർ, ഇടമുളയ്ക്കൽ, കരവാളൂർ, കുളത്തുപ്പുഴ, പെരിനാട്, പനയം, പരവൂർ, ചാത്തന്നൂർ, പൂതക്കുളം എന്നീ പഞ്ചായത്തുകളെയാണ്.

കോഴിക്കോട് ജില്ലയിലെ തേൻ ശേഖരണം

154 [155] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ പ്രവർത്തിച്ചുവരുന്ന തേൻ ശേഖരണ കേന്ദ്രത്തിൽ 2000-01, 2001-02, 2002-03 വർഷങ്ങളിൽ എത്ര തേൻ ശേഖരിച്ചിട്ടുണ്ട്;

(ബി) ഈ തേൻ ശേഖരണം വഴി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്നും എത്ര രൂപയുടെ ലാഭനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

വർഷം	ശേഖരിച്ച തേൻ അളവ് (കിലോ)
2000-01	82702.700
2001-02	74539.600
2002-03	105000.000

(ബി)

വർഷം	വില്പന വില രൂപ	ലാഭം/നഷ്ടം രൂപ
2000-2001	3234269	282037 (ലാഭം)
2001-2002	4848074	833240 (ലാഭം)
2002-2003	3591000	ആഡിറ്റ് പൂർത്തിയായിട്ടില്ല

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly